**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 93** **07-10-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം ഹൊസങ്കടിയിൽ സ്ഥാപിക്കുന്ന റെസ്റ്റ് സ്റ്റോപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഓവർസീസ് കേരളൈറ്റ്സ് ഇൻവസ്റ്റ്മെൻറ് ആൻറ് ഹോൾഡിങ്ങ് കമ്പനിയെ നിർമ്മാണ പരിപാലന ചുമതല ഏൽപിച്ച് മഞ്ചേശ്വരം ഹൊസങ്കടിയിൽ സ്ഥാപിക്കുന്ന റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ നിർവഹണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡിന്റെ പ്രഥമ സംരംഭമായ വേസൈഡ് അമിനിറ്റീസ് പ്രോജക്ട് പ്രകാരമുള്ള റെസ്റ്റ്സ്റ്റോപ്പ് സെന്ററുകളുടെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട അധികാരികളിൽ നിന്ന് പെർമിറ്റുകൾ ലഭിച്ചാൽ ഉടൻ തന്നെ നിർമ്മാണത്തിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | റെസ്റ്റ്സ്റ്റോപ്പ് പ്രോജക്ടിൽ ഫുഡ് കോർട്ട്, റെസ്റ്റോറന്റുകൾ, കോഫി ഷോപ്പ്, ഐസ്ക്രീം പാർലർ, ഫാർമസി, ബുക്ക് ഷോപ്പ്, സ്റ്റോറുകൾ, അതിഥി മുറികൾ, ഫ്യൂവൽ സ്റ്റേഷൻ, വാഹന അറ്റകുറ്റ പണി കേന്ദ്രങ്ങൾ, ഇലക്ട്രിക് വാഹന ചാർജിംഗ് സൗകര്യം, വാഷ്റൂമുകൾ എന്നിവ ഉൾപ്പെടുന്നു. കാറുകൾക്കും ബസ്സുകൾക്കും ഇരുചക്രവാഹനങ്ങൾക്കും വിശാലമായ പാർക്കിങ്ങും, യാത്രക്കാർക്ക് റിഫ്രെഷ്മെന്റിനായി ബൈക്കേഴ്സ് സ്റ്റോപ്പും ഇതോടൊപ്പം ഉണ്ടാകും. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭൗതിക സാമ്പത്തിക നേട്ടങ്ങൾ വിശദമാക്കുമോ; | (സി) | പ്രവാസി മലയാളികൾക്ക് ലാഭകരമായി നിക്ഷേപിക്കാനും മടങ്ങി എത്തിയ പ്രവാസികൾക്ക് അവരുടെ കഴിവുകളും വൈദഗ്ധ്യവും പ്രയോജനപ്പെടുത്താനുമുള്ള സാധ്യതകളാണ് റെസ്റ്റ്സ്റ്റോപ്പ് പദ്ധതിയിലുള്ളത്. ഓരോ റെസ്റ്റ്സ്റ്റോപ്പിൽ നിന്നും പ്രത്യക്ഷമായും പരോക്ഷമായും ഏകദേശം 1000 തൊഴിലവസരങ്ങൾ ലഭ്യമാകുമെന്ന് കരുതുന്നു. മഞ്ചേശ്വരത്തും പരിസരത്തുമുള്ളവർക്ക് ഇത് കൂടുതൽ പ്രയോജനപ്പെടുന്നതാണ്. റെസ്റ്റ് സ്റ്റോപ്പ് സെന്ററുകൾ പ്രവർത്തന ക്ഷമമാകുമ്പോൾ ടൂറിസം മേഖലയിൽ കൂടുതൽ നേട്ടമുണ്ടാകുകയും ചെയ്യും. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ രീതി, ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കുമോ; | (ഡി) | ഭൂമിയുടെ ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിൽ നിലനിർത്തിയാണ് **റെസ്റ്റ്സ്റ്റോപ്പ്** രൂപീകരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | പൊതുമരാമത്ത് വകുപ്പിന്റെ സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റിനൊപ്പം ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡിന്റെ പ്രത്യേക നിബന്ധനകളും കൂടി ചേർത്തുകൊണ്ട് കേരള സർക്കാർ ഇ-ടെണ്ടർ പോർട്ടൽ വഴി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ സർക്കാർ ഭൂമിയാണ് ഉപയോഗപ്പെടുത്തുന്നത് എന്നും ഭൂമി കൈമാറ്റം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ? | (ഇ) | കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ തലപ്പാടി എന്ന സ്ഥലത്ത് GST വകുപ്പിന്റെ കൈവശത്തിലുള്ള 2.2 ഹെക്ടർ ഭൂമി **റെസ്റ്റ്സ്റ്റോപ്പ്** വേസൈഡ് അമിനിറ്റീസ് (Wayside Amenities) പ്രോജക്ടിനു വേണ്ടി ലഭ്യമായിട്ടുണ്ട്.<br><br>പ്രസ്തുത സ്ഥലത്തിന്റെ പട്ടയവും മറ്റ് പ്രധാനപെട്ട രേഖകളും റവന്യൂ അധികാരികളിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ